**Desabhimani**

**18 July 2018**

# Kochi; Flood Relief camp in Vennala,Action Against Fake Holiday News

## വെണ്ണലയിൽ ദുരിതാശ്വാസക്യാമ്പ് തുറന്നു

**വൈറ്റില**

കനത്ത മഴയിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് വെണ്ണല ഗവ.സ്കൂളിൽ ദുരിതാശ്വാസക്യാമ്പ് തുറന്നു. തിങ്കളാഴ്ച രാത്രിയിലാണ് ഇടപ്പള്ളി സൗത്ത് വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ ക്യാമ്പ് തുറന്നത്. ഉലകംപാറ, പതപ്പിള്ളി, നെടുമ്പിള്ളിച്ചാൽ, അർക്കക്കടവ്, ചുങ്കം എന്നിവിടങ്ങളിൽ താമസിച്ചിരുന്ന ഒമ്പത് കുടുംബങ്ങളെ വെണ്ണലയിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിച്ചു. മാലിന്യത്തൊഴിലാളിയായ രുക്മണിയുടെ വീടിനകത്ത് വെള്ളംകയറി.

അർക്കക്കടവ് പതപ്പിള്ളി പ്രദേശത്ത് 10 വീടുകളിൽ വെള്ളംകയറി. മൂന്ന് കുടുംബങ്ങളെ ക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിച്ചു. ഇവരുടെ വീടുകളിൽ മുട്ടോളം വെള്ളം കയറി. വീട്ടുസാധനങ്ങൾ ഒഴുകിപ്പോയി. ചളിക്കവട്ടം നെടുമ്പിള്ളി ചാലിൽ എട്ട് വീടുകളിൽ വെള്ളംകയറി. മൂന്ന് കുടുംബങ്ങളെ ക്യാമ്പിലേക്ക് മാറ്റി. ചളിക്കവട്ടംചുങ്കത്ത് 100 വീടുകളിൽ വെള്ളം കയറി. വാസയോഗ്യമല്ലാത്ത വീടുകളിൽനിന്ന് ആളുകളെ ബന്ധുവീടുകളിലും ക്യാമ്പിലേക്കും മാറ്റി. കണിയാമ്പുഴയിൽ വെള്ളം ഉയർന്നതാണ് വീടുകളിൽ വെള്ളം കയറാൻ കാരണം.ഏറെ വർഷത്തിനുശേഷമാണ് പുഴയിൽ ഇങ്ങനെ വെള്ളം ഉയരുന്നതെന്ന് നാട്ടുകാർ പറഞ്ഞു.

## വ്യാജ അവധി വാർത്തകൾക്കെതിരെ കർശനനടപടിക്ക് കലക്ടറുടെ നിർദേശം

**കൊച്ചി**

എറണാകുളം ജില്ലാ കലക്ടറുടെ വ്യാജ ഫേസ്ബുക്ക് അക്കൗണ്ടും പേജും തയ്യാറാക്കി തെറ്റായ അവധിവാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുമെന്ന് കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ള അറിയിച്ചു. വ്യാജമായി പേജ് സൃഷ്ടിച്ച വർക്കെതിരെയും വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും നടപടി സ്വീകരിക്കാൻ കലക്ടർ പൊലീസിന് നിർദേശം നൽകി.

facebook.com/dcekm മാത്രമാണ് കലക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജ്



വെണ്ണല ലോക്കൽ കമ്മിറ്റിയുടെ അഭിമന്യു ഫണ്ട് കെ ടി സാജനിൽനിന്ന് ഗോപി കോട്ടമുറിക്കൽ ഏറ്റുവാങ്ങുന്നു